വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, കോഴഞ്ചേരി ഗവൺമെൻറ് കോളേജിൻെറ സ്പോൺസറിംഗ് കമ്മിറ്റി 7 ലക്ഷം രൂപയുടെ കെട്ടിടം എന്നു പറഞ്ഞത് ശരിയല്ല. 5, 17, 130 ലക്ഷം രൂപയുടെ ഒരു കെട്ടിടം അവിടെ തീർത്തു തന്നിട്ടുണ്ട്. ഇപ്രാവശ്യം അതിനു കേടുപാടുകൾ സംഭവിച്ചു എന്ന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കെട്ടിടത്തിൻെറ നിർമ്മാണത്തിലുണ്ടായ അപാകത കൊണ്ടാണെന്നാണ് മനസിലാക്കുന്നത്. ഞാൻ ആരേയും കുറ്റപ്പെടുത്തുകയല്ല. കോളേജ് ആരംഭിക്കാൻ ഗവൺമെൻറ് നിഷ്കർഷിച്ച വ്യവസ്ഥകളിൽ ഒന്നാണ്. 5 ലക്ഷം രൂപ മതിപ്പുള്ള ഒരു കെട്ടിടം തീർക്കാൻ ആവശ്യമുള്ള സ്ഥലം തരണമെന്നുള്ളത്, അത് ആ കമ്മറ്റി ചെയ്തിട്ടുണ്ട്. കെട്ടിടത്തിൻെറ പണിയിലുണ്ടായ അപാകതയാണ് ഇന്ന് കേടുപാടുകൾ സംഭവിക്കാൻ കാരണം എന്നാണ് വിദഗ്ദ്ധൻമാർ ചൂണ്ടിക്കാണിച്ചിരിക്കുന്നത് എന്തായാലും ഇവിടെ സൂചിപ്പിച്ചപോലെ പുതിയ കെട്ടിടത്തിന് ഭരണാനുമതി കൊടുത്തിട്ടുണ്ട്. 1986-87 വർഷത്തിലെ ബഡ്ജറ്റിൽ 5 ലക്ഷം രൂപ അതിനുവേണ്ടി ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതിൻെറ പണിയുടനെതന്നെ ആരംഭിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിച്ചു വരികയാണ്. 1987-88-ൽ ഉള്ള പുതിയ ബഡ്ജറ്റിൽ ആവശ്യമായിട്ടുള്ള തുക കൊള്ളിക്കാൻ ഗവൺമെൻറ് ആഗ്രഹിക്കുന്നുണ്ട്. 84-ൽ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് പുതിയ മരാമത്ത് പണികൾ തൽക്കാലം ഏറ്റെടുക്കേണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അതിൻെറ കാരണം സ്പിൽഓവർ വർക്കുകൾ ഇത്തിരി കിടക്കുന്നതുകൊണ്ടാണ്. ബഡ്ജറ്റിൽ അലോട്ടു ചെയ്തിരിക്കുന്ന പണവും നടന്നിരുന്ന ജോലിയും തമ്മിൽ നോക്കുമ്പോൾ വലിയ വ്യത്യാസം വന്നിരുന്നു. അതുകൊണ്ടാണ് അങ്ങനെ ഒരുത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഓരോ പ്രദേശങ്ങളിലെയും പ്രത്യേകമായ ആവശ്യകത അനുസരിച്ച് അതിനകത്ത് ആവശ്യമായ ഇളവ് ഗവൺമെൻറ് കൊടുക്കുന്നുണ്ട്. ഇക്കാര്യം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(6.) ശ്രീ. ഇ. കെ. നായനാരുടെ-റെയിൽവേ ചരക്കു കൂലിയിലുണ്ടായ വർദ്ധനവുമൂലം നിത്യോപയോഗ സാധനങ്ങൾക്കുണ്ടായിരിക്കുന്ന വിലവർദ്ധനവ്

ശ്രീ. ഇ. കെ. നായനാർ : സർ, റെയിൽവേ ചരക്കുകൂലി വീണ്ടും വർദ്ധിപ്പിച്ചതിൻെറ ഫലമായി നമ്മുടെ രാജ്യത്തെ മിക്ക സാധനങ്ങളുടെയും വില വർദ്ധിച്ചു കൊണ്ടു വരികയാണ്. ചരക്കുകൂലിയിനത്തിൽ 313 കോടി രൂപയും ലഗേജ് കൂലി 15% വർദ്ധിപ്പിച്ചതുംവഴി 7 കോടി രൂപയും ഉൾപ്പെടെ 320 കോടി രൂപയാണ് ജനങ്ങളുടെ മേൽ കെട്ടിവച്ചിരിക്കുന്നത്. ഇപ്പോൾ തന്നെ കേന്ദ്രം സമ്മതിക്കുന്നു 45% വില വർദ്ധിച്ചുയെന്ന്. എന്നാൽ യഥാർത്ഥത്തിൽ 70-80% കണ്ട് വർദ്ധിച്ചിട്ടുണ്ട്. ബഡ്ജറ്റിനിടയ്ക്ക് ഇത്തരത്തിലുള്ള ചാർജ്ജ് വർദ്ധനവ് ഒരു പതിവാക്കിയിരിക്കുകയാണ്. ചരക്കുകൂലി വർദ്ധിപ്പിച്ചാൽ അതനുസരിച്ച് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കയറ്റമുണ്ടാകും. കഴിഞ്ഞ വർഷം ഇതുപോലെ 2 തവണ വർദ്ധിപ്പിച്ചു. പെട്രോളിൻെറയും, പെട്രോൾ ഉൽപ്പന്നങ്ങളുടെയും വില കഴിഞ്ഞവർഷം ഇടക്കാലത്താണ് വർദ്ധിപ്പിച്ചത്. ബഡ്ജറ്റ് ഘട്ടത്തിലല്ലാതെ കേന്ദ്ര ഗവൺമെൻറിന് ആവശ്യമുള്ളപ്പോഴൊക്കെ ആ രീതിയിൽ ഇന്ത്യയിലെ സാധാരണ ജനങ്ങളുടെ തലയ്ക്ക് വില കൂട്ടിയും ചാർജ്ജ് വർദ്ധിപ്പിച്ചും കെട്ടി വയ്ക്കുകയാണ്. തപാൽ വകുപ്പിൻെറയും കമ്പി വകുപ്പിൻെറയും ചാർജ്ജ് വർദ്ധനവ് തൊട്ടു പിന്നാലെയെന്നാണ് പത്രങ്ങളും പറയുന്നതും പ്രചരണം നടക്കുന്നതും. ഈ നടപടി അങ്ങേയറ്റം

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഷേധാർഹവും അശാസ്ത്രീയവുമാണ്. ഇതുമൂലം ഈ രാജ്യത്ത് നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യ സാധനങ്ങളുടേയും വിലക്കയറ്റം അനിയന്ത്രിതമാകാൻ പോകുകയാണ്. ഒരു നിയന്ത്രണത്തിനും വഴിയില്ല. കേന്ദ്രഗവൺമെന്റ് അരിയുടെ വില ഈയിടെ വർദ്ധിപ്പിച്ചു, അതിനു പിന്നാലെയാണ് റെയിൽവേ ചാർജ്ജ് വർദ്ധനവ്. ഈ രാജ്യത്ത് ജന ജീവിതം ഇപ്പോഴേ തന്നെ ദുസ്സഹമായിരിക്കുകയാണ്. നാണയപ്പെരുപ്പവും വിലക്കയറ്റവുമൊക്കെ കൊണ്ട് കൂടുതൽ ദുരിതം അനുഭവിക്കുന്നവർ പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകളാണ്. അവർ തന്നെയാണ് ഇപ്പോഴത്തെ വർദ്ധനവിന്റെയും ഭാരവും താങ്ങുന്നത്. അരി തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾക്കും നിത്യോപയോഗ സാധനങ്ങൾക്കും മറ്റു സംസ്ഥാനങ്ങളെ കൂടുതൽ ആശ്രയിക്കുന്ന കേരളത്തിൽ ഈ വർദ്ധനകൊണ്ട് ഇനിയും നമ്മുടെ നിത്യോപയോഗ സാധനങ്ങളുടെയും അരിയുടെയും വില വർദ്ധിക്കും. ജനങ്ങളാണ് കൂടുതൽ ബുദ്ധിമുട്ടുന്നത്. നമ്മുടെ സ്റ്റേറ്റിന്റെ ഗുരുതരമായ സ്ഥിതി വിശേഷത്തിൽ, തീർച്ചയായും വില വർദ്ധന തടയാൻ കേന്ദ്രത്തിന്റെ സഹായം തേടുന്നതിനുവേണ്ടി നടപടി സ്വീകരിക്കണം. ചരക്കു കൂലി വർദ്ധനവിന്റെ ഫലമായി ഭക്ഷ്യധാന്യം വാങ്ങുന്ന ആളുകൾക്കും പൊതുവേ നാട്ടുകാർക്കും ഇതിന്റെ ഭാരം താങ്ങേണ്ടി വരുന്നുണ്ട്. അതു കൊണ്ട് 69 കോടി രൂപ മിച്ചം കണ്ട് ബഡ്ജറ്റ് ഇപ്പോൾ 415 കോടിയുടെ കമ്മിയിൽ എത്തിയിരിക്കുകയാണ്. ഇതാണ് ഇവിടത്തെ ഗതികേട്, ഈ നാടിന്റെ ഗതികേട്. അതുകൊണ്ട് കേരളത്തെ ഏറ്റവുമധികം ബാധിക്കുന്ന ഈ വർദ്ധനവിനെതിരായി കേരളാ ഗവൺമെന്റ് കേന്ദ്രത്തിന്റെ സഹായം ആവശ്യപ്പെടണം. കുറഞ്ഞവിലയ്ക്ക് സാധനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ആ തരത്തിൽ ഒരു സമ്മർദ്ദം ചെലുത്താനാവശ്യമായ മാർഗ്ഗങ്ങളും സ്വീകരിക്കണം എന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

*ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. യു. എ. ബീരാൻ: സർ, റെയിൽവേ ചരക്കുകൂലി വർദ്ധിപ്പിക്കാൻ കേന്ദ്രഗവൺമെന്റാണ് തീരുമാനിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ കൂലി വർദ്ധിപ്പിക്കാറുണ്ട്. സ്വാഭാവികമായി അതുകൊണ്ട് വിലക്കയറ്റമുണ്ടാകും. കൂലി വർദ്ധനവും ചരക്കു കൂലി വർദ്ധനവുമുണ്ടാകുന്നതനുസരിച്ച് കാലാകാലങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവുണ്ടാകും. പ്രതിപക്ഷ നേതാവു പറഞ്ഞതു പോലെ നമ്മുടെ സംസ്ഥാനത്തെ പ്രത്യേകിച്ചും അത് വളരെ ഗുരുതരമായി ബാധിക്കും. അതിന് യാതൊരു സംശയവുമില്ല. കാരണം ഞാൻ ആദ്യം പറഞ്ഞതുപോലെ ഇത് ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ഇവിടെ യാതൊന്നും ഉൽപ്പാദിക്കപ്പെടുന്നില്ല. എല്ലാ സാധനങ്ങളും മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരണം. അപ്പോൾ റയിൽവേവഴി വരുന്ന സാധനങ്ങളുടെ വില കയറും. പക്ഷേ അതിവിടെ പറഞ്ഞതുകൊണ്ട് പ്രയോജനമില്ല. പാർലമെന്റിലാണ് പറയേണ്ടത്. കേന്ദ്ര ഗവൺമെന്റാണ് ചെയ്യുന്നത്. അതുകൊണ്ട് അവിടെ പറഞ്ഞ് ഈ വിലക്കയറ്റം തടയുകയാണ് വേണ്ടത്. വിലക്കയറ്റമുണ്ടായാൽ കേരളത്തിൽ മാത്രമല്ല, ഈ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും പ്രദേശങ്ങളിലും സ്വാഭാവികമായും വിലക്കയറ്റമുണ്ടാകും. അതുകൊണ്ട് അതൊഴിവാക്കാനുള്ള നടപടികളെടുക്കരുതെന്നു അവിടെ പാർലമെന്റിൽ പറയുകയാണ് വേണ്ടത്. ഇവിടെ നമുക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. (ബഹളം) ഇവിടെ ക്രമാതീതമായി വില കയറാതിരിക്കാൻ സംസ്ഥാന ഗവൺമെന്റിനു കഴിയുന്ന എല്ലാ നടപടികളും എടുക്കും. പ്രതിപക്ഷനേതാവു പറഞ്ഞതു പോലെ റയിൽവേ ചരക്കുകൂലി വർദ്ധിപ്പിക്കാൻ കേന്ദ്രഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെ ഇംപാക്ട് എന്തായിരിക്കും എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായിട്ടൊരറിവും ഉണ്ടായിട്ടില്ല. കുറച്ചു വർദ്ധനവുണ്ടാകും എന്നല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

എന്തായിരിക്കും അതിന്റെ റിയൽ ഇംപാക്ട് എന്നു പറയാൻ കഴിയുകയില്ല. പിന്നെഇവിടത്തെ വില വർദ്ധനവിനെക്കുറിച്ച് അദ്ദേഹം പറഞ്ഞത് ശരിയല്ല. 45% തന്നെയാണ് ഉണ്ടായിട്ടുള്ളത്. അത് കണക്കുദ്ധരിച്ചാണ് ഞാനിവിടെ പറഞ്ഞിട്ടുള്ളത്. വിലക്കയറ്റം ഉണ്ടാകാതിരിക്കാൻവേണ്ടി സംസ്ഥാന ഗവൺമെൻറ് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യും, അക്കാര്യത്തിൽ കേന്ദ്രഗവൺമെൻറിന്റെ സഹായത്തിനുവേണ്ടി ആവശ്യപ്പെടുകയും ചെയ്യും.

IV റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ 25-ാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ 25-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. 1986-ലെ കേരള മോട്ടോർ വാഹനനികുതി ചുമത്തൽ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട്

ട്രാൻസ്പോർട്ടു വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, 1986-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, കാര്യോപദേശക സമിതിയുടെ 25-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : ഞാൻ പിന്താങ്ങുന്നു.

കാര്യോപദേശക സമിതിയുടെ 25-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

VI നിയമനിർമ്മാണ കാര്യം

1. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരള ബിൽ

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) : സർ, സബ ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച് 1984-ലെ കേരള ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly